വില്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടക്കാർ

14 (2462) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കച്ചവടക്കാരുണ്ട് ; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്ക് പുതുതായി രജിസ്ട്രേഷൻ നൽകി ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) എത്ര അപേക്ഷകർ വകുപ്പിൽ രജിസ്ട്രേഷൻ ലഭിക്കാതെ കിടപ്പുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ പരിധിയിലുള്ള രജിസ്ട്രേഷൻ എടുക്കാതെയുള്ള എത്രത്തോളം കച്ചവടക്കാർ സംസ്ഥാനത്തുണ്ട് ; കണക്ക് ലഭ്യമാക്കുമോ ;

(ഇ) ഇതിനായി വകുപ്പുതലത്തിൽ ഒരു സർവ്വേ നടത്തി രജിസ്ട്രേഷൻ കർശനമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തുനടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ തെരുവുസർവ്വേ നടത്തി എത്ര പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ജി) ഈ സർക്കാർ ഇതിനായി നിയോഗിച്ച ഉദ്യോഗസ്ഥരിൽ എത്ര പേരെ ഈ ജോലിയിൽനിന്നും മറ്റു ജോലികൾക്കായി മാറ്റി നിയോഗിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) ഇവരെ തെരുവു സർവ്വേകൾക്ക് നിയോഗിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 3-5-2003 വരെ സംസ്ഥാനത്ത് വില്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 1,38,720 കച്ചവടക്കാർ ഉണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടേയും ഇന്റലിജൻസ് വിഭാഗത്തിന്റേയും നേതൃത്വത്തിൽ തെരുവ് സർവ്വേ നടത്തുകയും രജിസ്ട്രേഷൻ പരിധിയിലുള്ള രജിസ്ട്രേഷൻ എടുക്കാതെയുള്ള കച്ചവടക്കാരെ വില്പന നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) തെരുവ് സർവ്വേ നടത്തുന്നതിന് അധികാര പരിധിയിലുള്ള വില്പന നികുതി ഓഫീസറന്മാരും ഇൻസ്പെക്ടർമാരുമാണ്. ടി ഉദ്യോഗസ്ഥർ മറ്റു ജോലികൾക്കൊപ്പമാണ് തെരുവു സർവ്വേ നടത്തുന്നതും രജിസ്ട്രേഷൻ എടുക്കാതെ കച്ചവടം നടത്തുന്ന വ്യാപാരികളെ കണ്ടുപിടിച്ച് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതും. കൂടാതെ ഇന്റലിജൻസ് വിഭാഗവും തെരുവു സർവ്വേ നടത്താറുണ്ട്. ഈ ജോലിയിൽനിന്നും ആരേയും ഒഴിവാക്കിയിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റിയായി നല്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്

15 (2468) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി രജിസ്ട്രേഷൻ, മണി ലെൻഡിംഗ് ലൈസൻസ് എന്നിവ ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റിയായി നൽകുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിൽ പണയപ്പെടുത്തുന്നതിനു പകരം പ്രസ്തുത സർട്ടിഫിക്കറ്റ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ടവർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്രകാരം പണയപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് കാലാവധി പൂർത്തിയാക്കി തിരിച്ചു വാങ്ങാൻ ചെല്ലുമ്പോൾ അതിന് പല ആഫീസുകളിലും കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വില്പന നികുതി രജിസ്ട്രേഷൻ, മണി ലെൻഡിംഗ് ലൈസൻസ് എന്നിവ ലഭിക്കുന്നതിനുവേണ്ടി സെക്യൂരിറ്റി ഒടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട നികുതി നിർണ്ണയാധികാരിയുടെ മുമ്പിൽ പണയപ്പെടുത്തുകയും ആയത് ടി നികുതി നിർണ്ണയാധികാരി സുരക്ഷിതമായി സൂക്ഷിക്കുകയുമാണ് ചെയ്തുപോരുന്നത്. അതുപോലെ മണി ലെൻഡിംഗ് ലൈസൻസിനുവേണ്ടി ഹാജരാക്കുന്ന സെക്യൂരിറ്റി ട്രഷറി ഡിപ്പോസിറ്റ് ആയിരിക്കേണ്ടതും ആയത് ലൈസൻസിംഗ് അതോറിറ്റി സൂക്ഷിക്കുന്നതുമാകുന്നു. മേൽപ്രഞ്ഞ ട്രഷറി ഡിപ്പോസിറ്റിന്മേലുള്ള പലിശ വർഷംതോറും വാങ്ങുന്നതിന് ലൈസൻസിക്ക് അനുവാദം നൽകുന്നതുമാണ്. രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതുവരെ ടി സർട്ടിഫിക്കറ്റുകൾ നികുതി നിർണ്ണയാധികാരിതന്നെ സൂക്ഷിക്കുന്നു. നികുതി നിർണ്ണയാധികാരിക്ക് കുടിശ്ശികയോ മറ്റോ വരുത്തിയാൽ അത് ഈടാക്കുന്നതിനും മറ്റു കൃത്രിമങ്ങൾ തടയുന്നതിന് മുൻകരുതൽ എന്ന നിലയിലുമാണ് നികുതി നിർണ്ണയാധികാരി സേവിംഗ്സ് സർട്ടഫിക്കറ്റുകൾ സൂക്ഷിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly